هيئة التعليم السنية بعموم كيرلا

**SAMASTHA KERALA SUNNI VIDYABHYASA BOARD**

SAMASTHA CENTRE, MARKAZ COMPLEX ROAD, CALICUT - 6

PH: 0495 - 2772840 - 41 Email: sksvb@ymail.com, Web: samastha.in

**(പരീക്ഷാ വിഭാഗം)**

# ഇംഗ്ലീഷ് മീഡിയം പൊതുപരീക്ഷ - 2019

**ഇംഗ്ലീഷ് മീഡിയം സ്കൂൾ മാനേജർ, പ്രിൻസിപ്പൽ, സ്വദർ മുഅല്ലിം, മുഅല്ലിംകൾ എന്നിവരെ അറിയിക്കുന്നത്.**

മാന്യരെ,

ഇസ്ലാമിക് എജുക്കേഷണൽ ബോർഡ് അംഗീകരിച്ച ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലെ മദ്റസകളിൽ 10, +2 ക്ലാസുകളിലെ പൊതുപരീക്ഷ 2019 ജനുവരി 12ന് ശനിയാഴ്ചയും ഏഴാം ക്ലാസിലെ പൊതുപരീക്ഷ 2019 മാർച്ച് 02ന് ശനിയാഴ്ചയും താഴെ ചേർത്ത ടൈംടേബിൾ പ്രകാരം നടത്തപ്പെടുന്നതാണ്.

| തിയ്യതി | സമയം | വിഷയം | |
|---|---|---|---|
| | | പത്താം തരം | + 2 |
| 12-01-2019 ശനി | 10.00 am to 12. 00 am | الفقه | تفسير القران والتصوف (معالم الطلاب) |
| | 1. 30 pm to 3. 30 pm | تزكية الولدان | الفقه (معالم الطلاب) |

| തിയ്യതി | സമയം | ഏഴാം തരം |
|---|---|---|
| 02- 03 - 2019 ശനി | 10.00 am to 12. 00 am | الفقه |
| | 1. 30 pm to 3. 30 pm | العقائد و تزكية الولدان |

പൊതുപരീക്ഷക്ക് ഓൺലൈനിൽ കുട്ടികളുടെ പേർ റജിസ്റ്റർ ചെയ്യുന്നതിന് www.samastha.in എന്ന വെബ് സൈറ്റിൽ പ്രവേശിച്ച് Student Registration ക്ലിക്ക് ചെയ്യുക ഇംഗ്ലീഷ് മീഡിയം, ബോർഡിംഗ്, ജനറൽ ഇതിൽ ഏത് വിഭാഗത്തിലെന്ന് സെലക്ട് ചെയ്ത് നിങ്ങളുടെ മദ്റസക്ക് വിദ്യാഭ്യാസ ബോർഡിൽ നിന്ന് റെയിഞ്ച് മുഖേന ലഭിച്ച User Name, Password എന്നിവ ടൈപ്പ് ചെയ്ത് പേജ് തുറക്കുക. അതിൽ ആവശ്യപ്പെടുന്ന മദ്റസയുടെ അടിസ്ഥാന വിവരങ്ങളായ പാഠപുസ്തകം ( അറബി മലയാളം, കന്നഡ, ഉർദു, തമിഴ്, അറബി തമിഴ്, ഇംഗ്ലീഷ് ) ഏതാണോ പഠിപ്പിക്കുന്നതെന്ന് സെലക്ട് ചെയ്യുക. സ്വദർ മുഅല്ലിമിന്റെ പേര്, മൊബൈൽ നമ്പർ, ഇമെയിൽ ഐഡി, എന്നിവ എന്റർ ചെയ്ത് സേവ് ചെയ്യുക. പിന്നീട് Student ൽ പോയി Add Student ക്ലിക്ക് ചെയ്യുക. ശേഷം ഏതു ക്ലാസിലാണ് എന്ന് ടിക്ക് ചെയ്ത് മദ്ഹബ് (ശാഫി, ഹനഫി) സെലക്ട് ചെയ്ത് കുട്ടികളുടെ പേരു വിവരങ്ങൾ (അഡ്മിഷൻ നമ്പർ, പ്രവേശന തിയ്യതി, കുട്ടിയുടെ പേരും ഇനീഷ്യലും, ജനന തിയ്യതി, പിതാവിന്റെ പേര്, എത്രാംവർഷം എന്നിവ ഇംഗ്ലീഷിൽ മാത്രം ടൈപ്പ് ചെയ്ത് **(അറബിയിൽ ചെയ്യേണ്ടതില്ല)** SAVE ചെയ്യുക. ഇതു പോലെ മദ്റസയിലെ എല്ലാ കുട്ടികളുടെയും പേർ എന്റർ ചെയ്യുക. Student List ഓപ്പൺ ചെയ്ത് എന്റർ ചെയ്തതിൽ വല്ല തെറ്റുകളും ഉണ്ടോ എന്ന് പരിശോധിച്ച് തിരുത്താവുന്നതാണ്. **ഓൺലൈനിൽ എന്റർ ചെയ്യാത്ത അപേക്ഷ സ്വീകരിക്കുന്നതല്ല.**

ഓരോ ക്ലാസിന്റെയും അപേക്ഷയുടെ രണ്ട് കോപ്പി പ്രിന്റ് എടുത്ത് ഒരു കോപ്പി മദ്റസാ ഫയലിൽ സൂക്ഷിക്കണം. (Download ൽ ക്ലിക്ക് ചെയ്താണ് പ്രിന്റെടുക്കേണ്ടത്) അപേക്ഷാ ഫോറത്തിന്റെ രണ്ടാമത്തെ കോപ്പിയിൽ സ്വദർ മുഅല്ലിം, സ്കൂൾ മാനേജർ, ക്ലാസ് മുഅല്ലിം എന്നിവർ ഒപ്പും സീലും വെച്ച് ഫീസ് (ഒരു കുട്ടിക്ക് 200 രൂപ) സഹിതം 01-11-2018ന് മുമ്പായി ഡിവിഷൻ പരീക്ഷാ സെക്രട്ടറിയെ ഏൽപ്പിക്കണം.

ഡിവിഷൻ പരീക്ഷാ സെക്രട്ടറി ഡിവിഷനിലെ പൊതുപരീക്ഷയിൽ പങ്കെടുക്കുന്ന മുഴുവൻ മദ്റസകളുടെയും മൊത്തം ഫീസ് സംഖ്യ സുന്നി വിദ്യാഭ്യാസ ബോർഡിന്റെ എക്കൗണ്ടിൽ **(SAMASTHA KERALA SUNNI VIDYABHYASA BOARD A/c No: 852420100000206 BANK OF INDIA, MAVOOR ROAD BRANCH CALICUT. IFSC CODE: BKID0008524)** നിക്ഷേപിച്ച് ബാങ്ക് റസീപ്റ്റ് വാങ്ങുക. ബാങ്കിൽ നിന്ന് ലഭിച്ച റസീപ്റ്റും ഡിവിഷനിലെ മദ്റസ തിരിച്ചുള്ള ലിസ്റ്റും മദ്റസകളിൽ നിന്നുള്ള അപേക്ഷകളും ഒന്നിച്ച് 05-11-2018ന് മുമ്പായി വിദ്യാഭ്യാസ ബോർഡ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

ഡിവിഷൻ മുഖേന അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ ഓഫീസിൽ സ്വീകരിക്കുന്നതല്ല. കന്നഡ, ഉർദു, തമിഴ്, അറബി തമിഴ് പാഠ പുസ്തകം പഠിക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ അപേക്ഷാ ഫോറത്തിൽ അതാതിന്റെ കോളങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. അപേക്ഷ അയച്ച ശേഷം യാതൊരു ഭേദഗതിയും അനുവദിക്കുന്നതല്ല.

ഇംഗ്ലീഷ് മീഡിയം പൊതുപരീക്ഷ രണ്ട് ഘട്ടങ്ങളിലായാണ് നടക്കുന്നത്. ഓരോ ഘട്ടത്തിലുള്ള പരീക്ഷകളിലും 10 ൽ കുറഞ്ഞ വിദ്യാർത്ഥികൾ ഉള്ള സ്ഥാപനങ്ങൾ സ്വന്തം സെന്റർ അനുവദിക്കണമെങ്കിൽ 10 കുട്ടികളുടെ ഫീസ് അടക്കണം (ഉദാ: 10x200=2000) അല്ലാത്തവർ സെന്ററായി ഉദ്ദേശിക്കുന്ന സ്ഥാപനത്തിനന്റെ പേരും സ്ഥലവും അംഗീകാര നമ്പറും പ്രിന്റെടുത്ത ഫോറത്തിലെ റിമാർക്സ് കോളത്തിൽ ചുകപ്പു മഷിയിൽ രേഖപ്പെടുത്തണം. പ്രസ്തുത സ്ഥാപനത്തിലെ സ്വദർ മുഅല്ലിമിന്റെ സമ്മതപത്രം അപേക്ഷാ ഫോറത്തിന്റെ കൂടെ വെക്കേണ്ടതാണ്.

+2 ക്ലാസിൽ വിദ്യാഭ്യാസ ബോർഡ് പുറത്തിറക്കിയ **معالم الطلاب** ലെ **الفقه** ഒരു വിഷയവും **تفسير القران والتصوف** മറ്റൊരു വിഷയവുമായി പരിഗണിച്ച് ( രണ്ട് ചോദ്യപ്പേപ്പറുകളിലായി) പരീക്ഷ നടക്കും.

പത്താം ക്ലസിൽ الفقه الإسلامى ,تزكية الولدان എന്നീ കിത്താബുകളിലും ഏഴാം ക്ലസിൽ العقائدو تزكية الولدان ,الفقه الإسلامى കിത്താബുകളിലും എല്ലാ ഭാഗങ്ങളിൽ നിന്നും ചോദ്യം ഉണ്ടായിരിക്കുന്നതാണ്. تزكية الولدان ലെ നഹ്വ്സ്വർഫ് ഭാഗങ്ങളിൽ നിന്ന് ചോദ്യം ഉണ്ടായിരിക്കുന്നതല്ല.

ഒരു ക്ലാസിലെ മുഴുവൻ കുട്ടികളും മുഴുവൻ വിഷയങ്ങളിലും A+ നേടിയാൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് ബോർഡിന്റെ അഭിനന്ദന പത്രം ലഭിക്കുന്നതാണ്. ( ചുരുങ്ങിയത് എഴിൽ 5 കുട്ടികളും പത്തിൽ 3 കുട്ടികളും പന്ത്രണ്ടിൽ 3 കുട്ടികളും ഉണ്ടായിരിക്കണം)

പൊതു പരീക്ഷാ സംബന്ധമായ എല്ലാ എഴുത്തിടപാടുകളും താഴെ കാണിച്ച വിലാസത്തിൽ മാത്രമായിരിക്കേണ്ടതാണ്. കാര്യക്ഷമമായ പരീക്ഷാ നടത്തിപ്പിന് മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കണമെന്നഭ്യർത്ഥിക്കുന്നു.

**ഖുർആൻപരീക്ഷ:** മുൻവർഷത്തെപോലെ ഏഴാംതരത്തിലെ ഖുർആൻപരീക്ഷ അതതു സ്ഥാപനങ്ങളിലെ സ്വദ്ർ മുഅല്ലിംകളുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്. പരീക്ഷക്ക് ആവശ്യമായ ചോദ്യപേപ്പറുകളും മാർക്ക് ലിസ്റ്റും മറ്റും 2019 ഫെബ്രുവരി അവസാനവാരത്തിൽ ഡിവിഷൻ പരീക്ഷാ വിഭാഗം സെക്രട്ടറിമാർക്ക് എത്തിച്ചു തരുന്നതാണ്.

**ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ: 09496459244, 09562616732**

ചെയർമാൻ (പരീക്ഷാ വിഭാഗം)
ഇസ്ലാമിക് എജുക്കേഷണൽ ബോർഡ്, സമസ്ത സെന്റർ,
പി.ഒ എരഞ്ഞിപ്പാലം , കോഴിക്കോട് - 673006

കോഴിക്കോട്
01-10-2018